➩ *1300 ഓളം കുടുംബങ്ങളാണ് കൃഷിഭൂമിക്ക് വേണ്ടി പോരാടുന്നത്* ➩

# അരിപ്പ ഭൂസമരം
# കോളനിയിൽ നിന്നും കൃഷിഭൂമിയിലേക്ക്

കാർഷിക ജീവിത്തിൽ അടിമത്തത്തിലേക്ക് പിഴുതെറിയപ്പെട്ട ജനവിഭാഗങ്ങളുടെ സാംസ്കാരികമായ ഉണർവ്വുകൂടിയായി മാറുകയാണ്, മൂന്ന് സെന്റല്ല കൃഷിഭൂമിയാണ് വേണ്ടതെന്ന് പറയുന്ന അരിപ്പ ഭൂസമരം.

**അൻഷിഫ് മജീദ്**

**മുത്തങ്ങയും** ചെങ്ങറയും ഉൾപ്പെടെയുള്ള ഭൂസമരങ്ങൾ മുന്നോട്ടുവച്ച ഭൂരഹിതരുടെ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ കൊല്ലം ജില്ലയിലെ അരിപ്പ സമരഭൂമിയിൽ ഇന്ന് കൂടുതൽ ശക്തമായി മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുന്നു. കാലാകാലങ്ങളായി ഭൂമിയിൽ അവകാശം നിഷേധിക്കപ്പെട്ട ആദിവാസികളെയും ദലിതരെയും മൂന്ന് സെൻറ് കോളനികളിൽ തളക്കാനുള്ള സർക്കാർ നടപടിക്ക് കടുത്ത താക്കീതുമായി അരിപ്പയിലെ കുടിൽ കെട്ടിയുള്ള ഭൂസമരം നൂറ് ദിനങ്ങൾ പിന്നിട്ടിരിക്കുന്നു.

2009ൽ പ്രഖ്യാപിച്ച ചെങ്ങറ ഭൂസമര പരിഹാര പാക്കേജിൽ ഉൾപ്പെടാത്തവരും, വാസയോഗ്യമല്ലാത്തതും, കൃഷിയോഗ്യമല്ലാത്തതും ആയ ഭൂമി ലഭിച്ചവരും സംയുക്തമായിട്ടാണ് കൊല്ലം ജില്ലയിലെ കുളത്തൂർപ്പുഴ അരിപ്പയിൽ ആദിവാസി ദളിത് മുന്നേറ്റ സമിതിയുടെ നേതൃത്വത്തിൽ ഭൂസമരം നടത്തുന്നത്. അരിപ്പയിൽ തങ്ങൾകുഞ്ഞ് മുസലിയാറിൽ നിന്നും കുത്തകപ്പാട്ടം റദ്ദാക്കി സർക്കാർ ഏറ്റെടുത്ത റവന്യൂ ഭൂമി കയ്യേറി കുടിൽകെട്ടിയാണ് സമരം നടക്കുന്നത്. 100 ലേറെ ദിവസങ്ങൾ പിന്നിട്ടുണ്ടെങ്കിലും കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊന്നും സമരത്തെ ഇനിയും കണ്ടില്ലെന്ന് നടിക്കുകയാണ്. ആദിവാസി-ദളിത്, മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്നുള്ള ഭൂരഹിതരായ 1300 ഓളം കുടുംബങ്ങളാണ് അരിപ്പ സമര ഭൂമിയിൽ കൃഷിഭൂമിക്ക് വേണ്ടി പോരാടുന്നത്.

2012 ഡിസംബർ 31 നാണ് ആദിവാസി ദളിത് മുന്നേറ്റ സമിതിയുടെ നേതൃത്വത്തിൽ അരിപ്പയിലെ 54 ഏക്കർ റവന്യൂ ഭൂമി കയ്യേറി സമരം ആരംഭിച്ചത്. ഇതിൽ 50 ഏക്കറോളം റബ്ബർ തോട്ടവും ഉൾപ്പെടുന്നു. ലക്ഷം വീടു കോളനികളിൽ നിന്ന് കൃഷി ഭൂമിയിലേക്ക് എന്ന മുദ്രവാക്യമാണ് ഇവർ മുഖ്യമായും മുന്നോട്ടുവയ്ക്കുന്നത്. ചെങ്ങറ ഭൂസമര പാക്കേജിൽ ഉൾപ്പെട്ട് ഇടുക്കിയിലെ ചന്ദ്രമണ്ഡലം, കാന്തല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഭൂമി ലഭിച്ചവർ അരിപ്പ ഭൂസമരത്തിൽ പങ്കെടുക്കുന്നുണ്ട്. പാക്കേജ് പ്രകാരം തങ്ങൾക്ക് ലഭിച്ച ഭൂമി ഒട്ടും കൃഷിയോഗ്യമല്ലെന്നും പാക്കേജ് വഴി സർക്കാർ തങ്ങളെ കബളിപ്പിക്കുകയാ




ഫോട്ടോ: അൻഷിഫ്

സമരഭൂമിയിലെ കുട്ടികൾക്ക് പഠിക്കുന്നതിനായി തയ്യാറാക്കിയ വിദ്യാലയം

യിരുന്നെന്നും അവർ പരാതിപ്പെടുന്നു. ചന്ദ്രമണ്ഡലത്തിൽ നീലകുറിഞ്ഞി പൂക്കുന്നത് കണ്ട് രസിച്ചിരിക്കാനെ പറ്റൂ, അവിടെ കൃഷിക്കോ, താമസത്തിനോ പറ്റില്ല എന്നവർ പറയുന്നു.

ഇത്തരത്തിൽ ചെങ്ങറ ഭൂസമര പാക്കേജിൽ ഉൾപ്പെട്ട് വഞ്ചിക്കപ്പെട്ടവർ അരിപ്പയിൽ ഏറെയുണ്ട്. സുജിത സോമരാജൻ എന്ന യുവതിക്ക് 10 സെന്റ് ഭൂമി നൽകി എന്നാണ് സർക്കാർ രേഖയിൽ പറയുന്നത്. എന്നാൽ അവർക്ക് ഒരു തുണ്ട് ഭൂമിപോലും ലഭിച്ചിട്ടില്ലെന്ന് അവർ നേരിട്ട് സാക്ഷ്യപ്പെടുത്തുന്നു.

താമസിക്കാനുള്ള സ്ഥലത്തിനുവേണ്ടി മാത്രമല്ല കൃഷിചെയ്യാൻ കൂടിയുള്ള ഭൂമിയാണ് തങ്ങൾക്ക് ആവശ്യമെന്ന് ആദിവാസി ദളിത് മുന്നേറ്റ സമിതി ജില്ലാ പ്രസിഡന്റ് അബ്ദുൾ സലാം ഏറം പറയുന്നു. അതായത് ഓരോ കുടുംബത്തിനും ഒരു ഹെക്ടർ ഭൂമി. ലക്ഷം വീട് കോളനികളിലും, വാടക വീടുകളിലും താമസിക്കുന്നവർക്ക് ശവം മറവു ചെയ്യാനും, പ്രാഥമിക കർത്തവ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യം പോലുമില്ല. രണ്ടും മൂന്നും സെന്റ് ഭൂമിയാണ് അവരുടെ ഏക സമ്പാദ്യം. അതിൽ പലരും പല സർക്കാർ പദ്ധതികളിൽ ഉൾപ്പെട്ടവരാണെങ്കിലും ആ പദ്ധതി ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കാറില്ല.

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം സമരത്തെ അവഗണിക്കുന്നു എന്നുമാത്രമല്ല തദ്ദേശീയരായ ചിലരുമായി ചേർന്ന് സമരത്തെ പരാജയപ്പെടുത്താൻ ശ്രമിക്കുകയാണെന്നും സമരക്കാർ പറയുന്നു. സി.പി.എം, സമര ഭൂമിക്കടുത്തായി കുടിലുകളും, കൊടികളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഞങ്ങൾക്ക് നേരിട്ട് യാതൊരു പിന്തുണയും നൽകിയിട്ടില്ലെന്ന് സമരക്കാർ പറഞ്ഞു. രാഷ്ട്രീയ മുതലെടുപ്പുകൾക്ക് അരിപ്പ സമരത്തെ ഉപയോഗിക്കാൻ അനുവദിക്കില്ല എന്ന ഉറച്ച തീരുമാനം അരിപ്പയിലെ സമരപ്രവർത്തകർക്കുണ്ട്. ഇടതു ഭരണകാലത്ത് ചെങ്ങറ ഭൂസമരം നടക്കുമ്പോൾ അതിന് പിന്തുണ നൽകിയവരാണ് അന്ന് പ്രതിപക്ഷത്തായിരുന്ന ഉമ്മൻചാണ്ടിയും തിരുവഞ്ചൂർ രാധാകൃഷ്ണനുമെല്ലാം. ഭരണത്തിലെത്തിയ ശേഷം ഭൂമി പ്രശ്നത്തിൽ കൃത്യമായ നിലപാടെടുക്കാൻ യു.ഡി.എഫ് സർക്കാറിന് കഴിഞ്ഞിട്ടില്ല. ഭൂരഹിതരെ വീണ്ടും കോളനികളിൽ പാർപ്പിക്കാനുള്ള നടപടികൾക്കാണ് അവർ അണിയറയിൽ രൂപം നൽകിക്കൊണ്ടിരിക്കുന്നത്. ഭരണനേതൃത്വങ്ങളുടെ ഈ കാപട്യം തിരിച്ചറിയുന്ന അരിപ്പ സമരം ആവശ്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തതയോടെയാണ് മുന്നോട്ട് പോകുന്നത്. ഏറെ പ്രയാസങ്ങൾക്കിടയിലും സമരം തുടരാൻ അവരെ പ്രേരിപ്പിക്കുന്നതും ആ തിരിച്ചറിവാണ്. കേരളത്തിൽ ഉയർന്നുവന്ന ഭൂസമരങ്ങളെയെല്ലാം ആയുധം കൊണ്ടും പാഴ്വാക്കുകൾകൊണ്ടും പരാജയപ്പെടുത്തിയ വരേണ്യരാഷ്ട്രീയത്തിന്റെ ചരിത്രത്തെ തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ട് പോകുന്നു എന്നതാണ് അരിപ്പ സമരത്തിന്റെ വലിയ പ്രത്യേകത.

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കപ്പെട്ടു എന്ന് അവകാശപ്പെടുന്ന കേരളത്തിൽ ലക്ഷക്കണക്കിന് ജനങ്ങൾ ഇന്നും മാന്യമായ വാസസ്ഥലങ്ങളില്ലാതെ കഷ്ടപ്പെടുക

*⇨ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുത്ത് വിതരണം ചെയ്താൽ പ്രശ്നങ്ങൾക്ക് പരിഹാരമാകും ⇨*



ഫോട്ടോ: അൻഷിഫ്

അരിപ്പ സമരഭൂമിയിലെ ജൈവ പച്ചക്കറിത്തോട്ടം

യാണെന്ന യാഥാർത്ഥ്യത്തെ അരിപ്പ ഭൂസമരവും തുറന്നുകാട്ടുന്നു. കേരളത്തിൽ നടപ്പിലാക്കപ്പെട്ട ഭൂപരിഷ്കരണ നിയമത്തിന്റെ അപാകതകൾ വീണ്ടും ചോദ്യംചെയ്യപ്പെടുന്നു. പതിനായിരക്കണക്കിന് ഏക്കർ ഭൂമി അനധികൃതമായി കൈയിൽ വച്ചിരിക്കുന്ന ഹാരിസൺ മലയാളം, ടാറ്റ പോലെയുള്ള വൻകിട കമ്പനികളുടെയും തോട്ടം ഉടമകളുടെയും കൈയിൽ നിന്നും ഭൂരഹിതർക്ക് നൽകാനും ഭൂപരിഷ്കരണത്തിന്റെ അപാകതകളെ തിരുത്തിയെഴുതാനും മാറി വരുന്ന സർക്കാറുകളൊന്നും തയ്യാറാകുന്നില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ഭൂരഹിതരെ വീണ്ടും കോളനികളിൽ കുടുക്കിയിടാനും അവർക്ക് കൃഷി ഭൂമി നിഷേധിക്കാനുമുള്ള ശ്രമമാണ് ഇപ്പോൾ സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. ഇടതുപക്ഷത്തിനും അക്കാര്യത്തിൽ യോജിപ്പാണുള്ളതെന്നാണ് സി.പി.എം നടത്തിയ ഭൂസമരത്തിൽ നിന്നും അവർ വേഗം പിൻവാങ്ങിയതോടെ മനസ്സിലാക്കാൻ കഴിയുന്നത്.

പരിഹാര പാക്കേജുകൾ പ്രഖ്യാപിക്കുമ്പോൾ നൽകേണ്ട ഭൂമി വാസയോഗ്യവും കൃഷിക്കനുസൃതമായിരിക്കണമെന്ന് സമര പ്രവർത്തകർ പറയുന്നു. തങ്ങൾക്ക് നൽകുന്നതിനായി, പാട്ടകാലാവധി കഴിഞ്ഞ പതിനായിരത്തോളം ഏക്കർ ഭൂമി സമര നേതൃത്വം തന്നെ സർക്കാറിന് ചൂണ്ടികാണിച്ച് കൊടുക്കുന്നുണ്ട്. ഇതിൽ ഹാരിസൺസ് മലയാളം ഉൾപ്പെടുന്ന വൻകിട കമ്പനികളുടെ പാട്ടാകാലാവധി കഴിഞ്ഞ ഭൂമി ഉൾപ്പെടുന്നു. ഇത്തരത്തിൽ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുത്ത് വിതരണം ചെയ്താൽ കേരളത്തിലെ ഭൂരിഭാഗം ഭൂരഹിതരുടെയും പ്രശ്നങ്ങൾക്ക് പരിഹാരമാകും എന്ന് അരിപ്പ സമര പ്രവർത്തകർ പറയുന്നു. സ്വന്തം ആവാസ്ഥ വ്യവസ്ഥയിൽ നിന്ന് പറിച്ച് തങ്ങളെ കോളനികളിലേക്ക് മാറ്റി നടാനുള്ള സർക്കാർ നടപടികളോട് തങ്ങൾക്ക് യോജിപ്പ് ഇല്ലെന്നും അവർ കൂട്ടിച്ചേർക്കുന്നു. കുടിയേറ്റക്കാർ കയ്യേറിയിരിക്കുന്ന തങ്ങൾ മുസ്ലിയാരുടെ പാട്ടകാലാവധി കഴിഞ്ഞ 54 ഏക്കർ ഭൂമി 10 ലക്ഷം ആളുകൾക്ക് മൂന്ന് സെന്റ് വീതം നൽകുന്ന സർക്കാർ പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ള പ്രദേശമാണ്. ഈ പദ്ധതി അട്ടിമറിക്കാണ് സമരക്കാർ ശ്രമിക്കുന്നതെന്നാണ് സർക്കാറിന്റെ വാദം. പക്ഷെ കയ്യേറ്റ ഭൂമി ഞങ്ങൾക്ക് ആവശ്യമില്ലെന്നും അത് ഞങ്ങളെ പുനരധിവസിപ്പിക്കുന്ന സമയത്ത് തിരിച്ച് നൽകാമെന്നും സമര നേതൃത്വം പറയുന്നുണ്ട്. എന്നാൽ അതിന് സർക്കാറിന് മറുപടിയില്ല. കളക്ടറുടെ നേതൃത്വത്തിൽ പലതവണ ചർച്ച നടന്നിട്ടും പരാജയപ്പെടാനുള്ള കാരണവും ഭൂരഹിതർക്ക് കൃഷിഭൂമി നൽകാൻ സർക്കാർ സന്നദ്ധമല്ല എന്നതായിരുന്നു. സമരത്തെ നേരിടാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. സമരക്കാർ ഒഴിഞ്ഞുപോകണമെന്ന നോട്ടീസുമായി റവന്യൂ ഉദ്യോഗസ്ഥർ എത്തിയതും സർക്കാർ ചർച്ചയ്ക്ക് സന്നദ്ധമല്ല എന്നതിന്റെ സൂചനയാണ് നൽകുന്നത്. കളക്ടറുടെ നിർദേശപ്രകാരം കുടിയൊഴിപ്പി

➪ *എന്നാൽ കുടിയൊഴിപ്പിക്കൽ ഭീതി ഇപ്പോഴും അരിപ്പയിൽ നിലനിൽക്കുന്നുണ്ട്* ➪

# ഉപരോധം അരിപ്പയെ ദുരിതത്തിലാക്കുന്നു

**ശ്രീരാമൻ കൊയ്യോൻ**

(പ്രസിഡന്റ്, ആദിവാസി ദളിത് മുന്നേറ്റ സമിതി)



**സമരഭൂമിയിൽ** നിന്നും പുറത്തിറങ്ങാനോ, സമരഭൂമിയിലേക്ക് പ്രവേശിക്കാനോ ആരെയും അനുവദിക്കാത്ത സ്ഥിതിയാണ് ഇപ്പോൾ അരിപ്പയിലുള്ളത്. പണിക്ക് പോകാനോ ഭക്ഷണ സാധാനങ്ങൾ വാങ്ങുന്നതിനായി കടയിൽ പോകാനോ കഴിയാതെ ഭൂസമര പ്രവർത്തകർ ഇന്ന് തീർത്തും ദുരിതത്തിലാണ്. ഞങ്ങൾ ടെന്റ് കെട്ടി സമരം നടത്തുന്ന റവന്യൂഭൂമിയിൽ തദ്ദേശീയരായ പലർക്കും താത്പര്യമുണ്ടായിരുന്നു. സ്വകാര്യ എഞ്ചിനീയറിംഗ് കോളേജ് പണിയുന്നതിനായി ഒരു പ്രാദേശിക കോൺഗ്രസ് നേതാവ് കണ്ടുവച്ച സ്ഥലമാണിത്. അവിടെ ഞങ്ങൾ കയറി കുടിൽ കെട്ടിയത് പലർക്കും പ്രകോപനമുണ്ടാക്കി. ഞങ്ങളെ ഏത് വിധേനയും ഇവിടെ നിന്നും ഇറക്കണമെന്ന തീരുമാനത്തിന്റെ ഭാഗമായാണ് മെയ് ഒന്നിന് ക്രിമിനൽ പശ്ചാത്തലമുള്ള ചിലർ സമരഭൂമിയിൽ കയറി മദ്യപിച്ച് ബഹളമുണ്ടാക്കിയത്. വെള്ളമെടുക്കാൻ പോയ ഒരു സ്ത്രീയെ ഈ സംഘം അപഹസിക്കുകയും അവരുടെ വസ്ത്രം വലിച്ചുകീറുകയും ചെയ്തു. സംഭവത്തെ തുടർന്ന് സമരപ്രവർത്തകരും ആ സംഘവും തമ്മിൽ ചെറിയ തോതിൽ സംഘർഷമുണ്ടായി. പോലീസ് സ്ഥലത്തെത്തി അവർ നാല് പേരെയും അറസ്റ്റ് ചെയ്തു. എന്നാൽ സ്ത്രീയെ ശാരീരികമായി അക്രമിച്ച അവർക്കെതിരെ നിസാരമായ വകുപ്പുകൾ പ്രകാരമാണ് പോലീസ് കേസെടുത്തിരിക്കുന്നത്. അവരെ സ്വന്തം ജാമ്യത്തിൽ സ്റ്റേഷനിൽ നിന്നുതന്നെ വിട്ടയയ്ക്കുകയും ചെയ്തു. സമരപ്രവർത്തകർ നാട്ടുകാരെ അക്രമിച്ചതായി അവർ ആ പ്രദേശത്തെല്ലാം പറഞ്ഞുപരത്തുകയും ചെയ്തു. അതോടെയാണ് നാട്ടുകാർ സമരത്തിന് എതിരായി മാറിയത്. അവരുടെ ➪

ക്കൽ നോട്ടീസ് വിതരണം ചെയ്യാനെത്തിയ സ്പെഷൽ വില്ലേജോഫിസർ വില്ലേജ്മാൻ എന്നിവരെ സമരഭൂമിയിൽ സമരക്കാർ തടഞ്ഞുവെച്ചിരുന്നു. സമരക്കാരും കളക്ടറുമായി ചർച്ച നടക്കാനിരിക്കെ കുടിയൊഴിപ്പിക്കൽ നോട്ടീസ് വിതരണത്തിന് അധികൃതർ എത്തിയതാണ് സമരക്കാർക്കിടയിൽ സംശയത്തിനും പ്രതിഷേധത്തിനും വഴിയൊരുക്കിയത്. പത്തനാപുരം താലൂക്ക് തഹസിൽദാറുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ കുടിയൊഴിപ്പിക്കൽ നോട്ടീസ് വിതരണം നിർത്തിവെക്കാൻ ധാരണയായതിനെ തുടർന്നാണ് റവന്യൂ അധികൃതരെ സമരക്കാർ വിട്ടയച്ചത്. എന്നാൽ കുടിയൊഴിപ്പിക്കൽ ഭീതി ഇപ്പോഴും അരിപ്പയിൽ നിലനിൽക്കുന്നുണ്ട്. മരിക്കാൻ പോലും തയ്യാറായി നിൽക്കുന്ന സമരപ്രവർത്തകരെ സർക്കാർ ഭയപ്പെടുന്നതുകൊണ്ട് മാത്രമാണ് കുടിയൊഴിപ്പിക്കൽ നടക്കാത്തത്. സമരത്തെ അവഗണിച്ച് പരാജയപ്പെടുത്താനും തദ്ദേശീയ വികാരം സമരത്തിനെതിരെ ഉയർത്തിവിടാനുമാണ് പ്രാദേശിക-ജില്ലാ-സംസ്ഥാന ഭരണസ്ഥാപനങ്ങൾ ശ്രമിക്കുന്നത്.

നൂറ് ദിവസം പിന്നിടുന്ന സമരം നിലനിർത്തി കൊണ്ട് പോകുന്നതിൽ വളരെയധികം ബുദ്ധിമുട്ടുകൾ ആദിവാസി ദളിത് മുന്നേറ്റ സമരം നേരിടുന്നുണ്ട്. പ്ലാസ്റ്റിക്ക് ഷീറ്റുകൊണ്ട് കെട്ടിയുണ്ടാക്കിയ വീടുകളിലാണ് ഇവർ താമസിക്കുന്നത്. മഴക്കാലമെത്തുന്നതോടെ പ്ലാസ്റ്റിക് ഷീറ്റിനുള്ളിലെ ജീവിതം തീർത്തും ദുസ്സഹമാകും. സമരക്കാർ തന്നെ നിർമ്മിച്ച നാലോ അഞ്ചോ കിണറുകളാണ് 1300 ഓളം കുടുംബങ്ങൾ ആശ്രയിക്കുന്നത്. പുരുഷന്മാർ പലരും സമരഭൂമിയിൽ നിന്നും പുറത്ത് പോയി കൂലിപ്പണിയെടുത്താണ് ജീവിക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളും മുടങ്ങിക്കിടക്കുകയാണ്. കുട്ടികൾക്ക് സമര ഭൂമിയിൽ തന്നെ പഠന സൗകര്യമൊരുക്കുന്നതിനായി അക്ഷരാലയം എന്ന പേരിൽ ആദിവാസി ദളിത് മുന്നേറ്റ സമിതി വിദ്യാലയം പണിതിട്ടുണ്ട്. കൃഷിഭൂമി നൽകണം എന്ന ആവശ്യമുന്നയിക്കുന്ന സമരക്കാർ കയ്യേറ്റ ഭൂമിയിൽ വിജയകരമായി പച്ചക്കറി കൃഷി ചെയ്തുകൊ

എതിർപ്പിനെ തക്കം കാത്തിരുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ മുതലെടുക്കുകയും ചെയ്തു. എല്ലാവരും നാട്ടുകാർക്കിടയിൽ കള്ളപ്രചരണം നടത്തി. മെയ് മൂന്ന് കുറേയധികം നാട്ടുകാർ സംഘതിമായി സമരഭൂമിയിൽ വന്ന് സമരപ്രവർത്തകർക്ക് നേരെ കല്ലേറ് നടത്തി. തിരിച്ചും കല്ലേറുണ്ടായി. പോലീസ് അന്നും നാട്ടുകാർക്ക് അനുകൂലമായ നിലപാടാണെടുത്തത്. 'നീയൊന്നും ചത്താലും ഒന്നും സംഭവിക്കില്ലെടാ' എന്നാണ് അന്ന് സി.ഐ ആക്രോശിച്ചത്. അന്നുമുതൽ ഉപരോധം ശക്തമാണ്. തുടർദിവസങ്ങളിൽ എല്ലാ രാഷ്ട്രീയപാർട്ടികളും കൂടിച്ചേർന്ന് മൈക്ക്കെട്ടി സമരത്തിനെതിരെ പ്രചാരണം നടത്തുകയും റാലിയും പൊതുയോഗവും സംഘടിപ്പിക്കുകയും ചെയ്തു. സ്ഥലം എം.എൽ.എ ആയ സി.പി.ഐയുടെ കെ. രാജു ആ യോഗത്തിൽ സമരപ്രവർത്തകർ സാമൂഹിക വിരുദ്ധരാണെന്ന് പ്രസംഗിച്ചു. 20 ദിവസത്തിലേറെയായി ഉപരോധം തുടരുകയാണ്. പുറത്ത് പോയ സ്ത്രീകൾ പലരും വീണ്ടും അധിക്ഷേപിക്കപ്പെട്ടതായി പരാതിയുണ്ട്. പക്ഷെ അതെല്ലാം പരാതിപ്പെട്ടാലും ലോക്കൽ പോലീസിൽ നിന്നും നീതി കിട്ടുമെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. ആവശ്യത്തിന് ഭക്ഷണം പോലും കഴിക്കാതെ എഴുന്നേറ്റ് നിൽക്കാൻ കഴിയാത്ത സമരപ്രവർത്തകർ അവിടെ ആയുധപരിശീനം നടത്തുകയാണെന്ന് നുണ പറയുന്നവരാണ് ലോക്കൽ പോലീസ്. ഉപരോധം അവസാനിപ്പിക്കുന്നതിനായി കളക്ടറുടെ സാന്നിധ്യത്തിൽ സർവ്വകക്ഷിയോഗം ചേർന്നിരുന്നു. അന്നത്തെ ധാരണയുടെ അടിസ്ഥാനത്തിൽ ഉപരോധത്തിന്റെ തീവ്രത അല്പം കുറഞ്ഞിട്ടുണ്ട്. ഭൂസമരം അതുകൊണ്ടൊന്നും അവസാനിക്കില്ല. അതിന് മുഖ്യമന്ത്രി തലത്തിൽ തന്നെ ചർച്ച നടക്കണം. കൃഷി ഭൂമി നൽകാതെ ഇനി സമരത്തിൽ നിന്നും ഞങ്ങൾ പിന്നോട്ട് പോകില്ല. ചെങ്ങറ പാക്കേജിന്റെ പേരിൽ ഒരിക്കൽ കബളിപ്പിക്കപ്പെട്ട ജനങ്ങളാണ് സമരത്തിലുള്ളത്. കപടവാഗ്ദാനങ്ങളെ അവർ ഇനി ചെവിക്കൊള്ളില്ല.

ണ്ട് തങ്ങളുടെ സമരാവശ്യത്തിന് കൂടുതൽ രാഷ്ട്രീയമാനം നൽകുന്നു. കാർഷിക ജീവിതത്തിൽ അടിമത്തത്തിലേക്ക് പിഴുതെറിയപ്പെട്ട ജനവിഭാഗങ്ങളുടെ സാംസ്കാരികമായ ഉണർവ്വുകൂടിയായി മാറുകയാണ് അരിപ്പ സമരഭൂമിയിലെ കൃഷി. ഈ പച്ചക്കറി തന്നെയാണ് ഇപ്പോൾ ഭക്ഷണത്തിനായും അവർ മുഖ്യമായും ആശ്രയിക്കുന്നത്. സമരക്കാർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം ഗുരുതരമായ ആരോഗ്യ സുരക്ഷാ ഭീഷണിയാണ്. മഴക്കാലമെത്തുമ്പോഴേക്കും രോഗങ്ങൾ കടന്നെത്തുമോ എന്ന പേടിയും അവർക്കുണ്ട്. ആരോഗ്യസേവനങ്ങൾ ഉടൻ ലഭ്യമാക്കിയില്ലെങ്കിൽ സമരപ്രവർത്തകരുടെ സ്ഥിതി തുടർന്ന് ഗുരുതരമാകാനുള്ള സാധ്യതയാണ് ഇപ്പോൾ അവിടെ നിലനിൽക്കുന്നത്.

സമരത്തെ തകർക്കുന്നതിനായി വിവിധ രാഷ്ട്രീയ പാർട്ടികൾ നാട്ടുകാരെ സംഘടിപ്പിച്ചുകൊണ്ട് നടത്തുന്ന ഉപരോധം അരിപ്പ സമരഭൂമിയെ ദുരിതത്തിലാക്കിയിരിക്കുന്നു. ഉപരോധം വന്നതോടെ സമരഭൂമിയിൽ നിന്നും ആരെയും പുറത്തിറങ്ങാനും സമരഭൂമിയിലേക്ക് പ്രവേശിക്കാനും നാട്ടുകാർ അനുവദിക്കുന്നില്ല. അരിപ്പ, ചോഴിയക്കോട് പ്രദേശങ്ങളിലെ കടകളിൽ നിന്ന് സമരഭൂമിയിലുള്ളവർക്ക് ഭക്ഷ്യവസ്തുക്കൾ നൽകരുതെന്നും സമീപത്തുള്ള വീടുകളിൽ നിന്ന് കുടിവെള്ളം പോലും നൽകരുതെന്നും നിർദ്ദേശമുണ്ട്. സമരക്കാർക്ക് തൊഴിൽ നല്കരുതെന്നാണ് മറ്റൊരു നിർദ്ദേശം. ഉപരോധം ആരംഭിച്ചതോടെ നാട്ടുകാരും സമരപ്രവർത്തകരും തമ്മിലുള്ള സംഘർഷം ഇവിടെ പതിവാകുന്നു. സമരഭൂമിയിൽ നിന്നും പുറത്തിറങ്ങിയ പുരുഷന്മാർക്ക് പലർക്കും മർദ്ദനമേറ്റു. സ്ത്രീകൾ ശാരീരികമായി പീഡിപ്പിക്കപ്പെട്ടതായും പരാതികളുണ്ട്. സംഘർഷ സാധ്യത കണക്കിലെടുത്ത് വൻ പൊലീസ് സന്നാഹം പ്രദേശത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്.

കൃഷിയോഗ്യമായ ഭൂമി ലഭിക്കുംവരെ സമരം തുടരുമെന്നും അല്ലെങ്കിൽ ഇവിടെ കിടന്ന് മരിക്കുമെന്നും പറയുന്ന അരിപ്പ ഭൂസമര പ്രവർത്തകർക്ക് ജനകീയസമരങ്ങളുടെ രാഷ്ട്രീയം ഉൾക്കൊള്ളുന്ന കേരളത്തിലെ സാമൂഹിക പ്രസ്ഥാനങ്ങളുടെയും പ്രവർത്തകരുടെയും പിന്തുണ ഇനിയും ലഭ്യമായിട്ടില്ല. ഭൂരഹിതരായവർക്ക് കൃഷിഭൂമി നൽകുന്നതിൽ രാഷ്ട്രീയ നേതൃത്വങ്ങൾ തുടരുന്ന അലംഭാവത്തിനെതിരെയും വൻകിട ഭൂവുടമകളെയും തോട്ടമുടമകളെയും സംരക്ഷിക്കുന്ന നയങ്ങൾക്കെതിരെയും നൂറ്റാണ്ടുകളായി നീതി നിഷേധിക്കപ്പെടുന്ന ജനവിഭാഗങ്ങളോടുള്ള അവഗണനകൾക്കെതിരെയുമുള്ള പ്രതിഷേധ സ്വരമാണ് അരിപ്പയിലേത്. നീതിക്ക് വേണ്ടിയുള്ള ആ ശബ്ദത്തെ പിന്തുണയ്ക്കാൻ കേരളമൊന്നടങ്കം തയ്യാറാകേണ്ടതുണ്ട്. ■